# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 828 29.09.2016 ൽ മറുപടിക്ക്

## ഓണക്കാലത്ത് സ്കൂളുകളിൽ സൗജന്യ അരി വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനൂപ് ജേക്കബ്. | ശ്രീ.പ്രൊഫ സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | ഓണക്കാലത്ത് സ്കൂളുകളിൽ സൗജന്യമായി അരി വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് എത്ര കത്തുകൾ സപ്ലൈകോയിൽ നിന്നും ഡിപി.ഐയ്ക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;? | എ) | 4 കത്തുകൾ |
| ബി) | ഈ കത്തുകൾക്ക് ഡി.പി.ഐ കൃത്യമായ മറുപടികൾ നൽകിയിരുന്നോ എന്ന് വിശദമാക്കുമോ? | ബി) | മറുപടി നൽകിയിട്ടുണ്ട്. ഓണം സ്പെഷ്യൽ അരി വിതരണവുമായി ബന്ധപ്പെട്ട് എത്ര മെട്രിക് ടൺ അരി ആവശ്യമായി വേണ്ടി വരുമെന്നാണ് സപ്ലൈകോ ചോദിച്ചിരുന്നത്. എന്നാൽ ഈ വിവരം ലഭ്യമാക്കണമെങ്കിൽ 31.08.2016-ൽ ഓരോ ജില്ലകളിലും നീക്കിയിരിപ്പുള്ള അരിയുടെ അളവ് കണ്ടെത്തേണ്ടിയിരുന്നു. ഓരോ മാസവും 10 - ാം തീയതിക്കു ശേഷമാണ് അതാതു മാസത്തെ അരിയുടെ ഇൻഡൻറും നീക്കിയിരിപ്പും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് ലഭ്യമാകുന്നത്. അതു പ്രകാരം സംസ്ഥാനത്തെ 163 ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരിൽ നിന്നും ഓഗസ്റ്റ് മാസത്തെ നീക്കിയിരിപ്പും 30.09.16 വരെ ഉണ്ടാകാൻ സാധ്യതയുള്ള നീക്കിയിരിപ്പും സംബന്ധിച്ച വിവരങ്ങൾ ഓഗസ്റ്റ് 18 - ന ലഭിച്ചതനുസരിച്ച് അധികമായി ഓണം സ്പെഷ്യൽ അരി വിതരണത്തിന് ആവശ്യമുള്ള അരിയുടെ അളവ് കണക്കാക്കി ഉച്ച ഭക്ഷണ പദ്ധതിയുടെ ബഡ്ജറ്റ് വിഹിതം ഉപയോഗപ്പെടുത്തി സൗജന്യ അരി വിതരണം നടത്തുന്നതിനുള്ള ഉത്തരവിനായുള്ള നിർദ്ദേശം പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിക്കുകയും ചെയ്തു. 29.08.2016- ന് ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതനുസരിച്ച ഓണം സൗജന്യ അരി വിതരണത്തിന് ആവശ്യമുള്ള അരിയുടെ അളവ് എത്രയെന്ന വിവരം സപ്ലൈകോയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | വിപണിയിൽ നിന്നും അരി വാങ്ങാൻ ഡി.പി.ഐ നൽകിയ ഉത്തരവ് വൈകി എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | ഇല്ല |
| ഡി) | ഓണത്തിന് സ്കൂൾകുട്ടികൾക്ക് സൗജന്യമായി അരി നൽകുന്നതിനുള്ള ചുമതല ഏതു വകുപ്പിന്റെതാണെന്ന് വ്യക്ത മാക്കാമോ? | ഡി) | ഓണത്തിനു സ്കൂൾ കുട്ടികൾക്ക് സൗജന്യ അരി നൽകുന്നതിനുള്ള ചുമതല പൊതുവിദ്യാഭ്യാസ വകുപ്പ് / ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് എന്നി വകുപ്പുകൾക്കാണ്. |
| ഇ) | വകുപ്പുകളുടെ ഏകോപനമില്ലായ്മ മൂലമാണ് സ്കൂൾ കുട്ടികൾക്ക് ഓണക്കാലത്ത് കൃത്യമായി അരി ലഭിക്കാത്തത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കമോ? | ഇ) | ഇല്ല |
| എഫ്) | ഈ അവസ്ഥ ഉണ്ടാകാൻ കാരണം ആരുടെ എല്ലാം വീഴചയാണെന്ന് വ്യക്തമാക്കാമോ? | എഫ്.) | ബാധകമല്ല |

സെക്ഷൻ ഓഫീസർ